# അനുബന്ധം എച്ച്.-4

## നോട്ടീസ്

ശ്രീ. സാം ഡാനിയൽ എന്ന താങ്കൾ പത്തനംതിട്ട ജില്ലയിലെ പ്രമാടം പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 ആയി സേവനമനുഷ്ഠിച്ചു വരവേ 18.01.2024 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിനാൽ കത്ത് നമ്പർ എ4-1337/24/ജി.മെ.ഓ./തീ. 17/02/24 പ്രകാരം താങ്കൾക്ക് കുറ്റാരോപണ ചാർജ്ജ് മെമ്മോ നൽകിയിട്ടുള്ളതാകുന്നു. ടി മെമ്മോ താങ്കൾ കൈപ്പറ്റിയിട്ടില്ലെന്ന് കത്ത് നം. 77/2024/തീ. 12/03/2024 പ്രകാരം പ്രമാടം പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഇൻ ചാർജ് അറിയിച്ചിട്ടുണ്ട്.

ആയതിനാൽ കത്ത് നമ്പർ എ4-1337/24/ജി.മെ.ഓ./തീ. 24/03/24 പ്രകാരം താങ്കൾക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കുകയുണ്ടായി. ടി കാരണം കാണിക്കൽ നോട്ടീസ് താങ്കൾ കൈപ്പറ്റിയിട്ടില്ലെന്ന് കത്ത് നം. 77/2024/തീ. 08/05/2024 പ്രകാരം പ്രമാടം പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ ഇൻ ചാർജ് അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ താങ്കൾക്ക് സർക്കാർ സർവീസിൽ തുടരാൻ താല്പര്യമില്ല എന്നാണ് മനസിലാക്കുന്നത്. മേലധികാരിയുടെ അനുവാദമില്ലാതെ 18.01.2024 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നില്ക്കുന്നത് കടുത്ത അച്ചടക്ക ലംഘനവും, 1960 ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾക്ക് വിരുദ്ധമായ പ്രവൃത്തിയും, ഔദ്യോഗിക കൃത്യനിർവ്വഹണ വീഴ്ചയും, സർവീസിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള കടുത്ത ശിക്ഷ അർഹിക്കുന്ന കുറ്റവുമാണ്.

ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം താങ്കളുടെ വിശദീകരണം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഈ വിഷയത്തിൽ താങ്കൾക്ക് ഒന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ, 1960-ലെ കെ.സി.എസ്. (സി.സി.&എ) ചട്ടം II (VII) പ്രകാരം, താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച്, 18/01/2024 മുതൽ താങ്കളെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)
പത്തനംതിട്ട

സ്വീകർത്താവ്
ശ്രീ. സാം ഡാനിയൽ
തൈവിളയിൽ
കരുവാറ്റ
അടൂർ

ജെകെ